മാലിന്യ സംസ്ക്കരണത്തിന് ഫുഡ് ഗാർബേജ് ട്രക്ക്

130 (1600) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികസിത രാജ്യങ്ങളിൽ മാലിന്യ സംസ്കരണത്തിന് 'ഫുഡ് ഗാർബേജ് ട്രക്ക്' ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) HEIL, MAN (ഇംഗ്ലണ്ട്), AHBA (ചൈന), EZPAEK തുടങ്ങിയ ട്രക്കുകൾ മാലിന്യ സംസ്കരണത്തിന് ഉപയോഗിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം സംവിധാനം കേരളത്തിലെ കോർപ്പറേഷനുകളിൽ നടപ്പാക്കുന്ന കാര്യത്തെപ്പറ്റി പഠനം നടത്തുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പരിശോധിക്കുന്നതാണ്.

ഹോട്ടലുകളിൽ ശുചിത്വവും ടോയ്ലറ്റ് സംവിധാനവും ഉറപ്പുവരുത്താൻ നടപടി

131 (1601) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിലേയും മുനിസിപ്പാലിറ്റികളിലേയും ഹോട്ടലുകളിൽ സൗകര്യവും ശുചിത്വവും പാലിക്കാറുണ്ടോയെന്ന് പരിശോധിക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇരുപതിൽ കൂടുതൽ ഇരിപ്പിടങ്ങൾ ഉള്ള ഹോട്ടലുകളിൽ ടോയ്ലെറ്റ് സൗകര്യം ഉണ്ടോയെന്ന് പരിശോധിക്കുവാൻ എന്തൊക്കെ സംവിധാനങ്ങളുണ്ട് ; ഇതിന് ചുമതലപ്പെട്ടവർ ആരെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) ഇരുപതിൽ കൂടുതൽ ഇരിപ്പിടങ്ങൾ ഉള്ള ഹോട്ടലുകളിൽ ടോയ്ലെറ്റ് സൗകര്യം ഉണ്ടോയെന്ന് പരിശോധിക്കാറുണ്ടോ ;

(ഡി) ഹോട്ടൽ തുടങ്ങുന്നതിന് ലൈസൻസ് നൽകിയശേഷം ടോയ്ലെറ്റ് സംവിധാനം തുടർന്നും ഇല്ലാതായാൽ ലൈസൻസ് റദ്ദ് ചെയ്യാൻ നടപടി സ്വീകരിക്കുമോ ; ഇങ്ങനെ ലൈസൻസ് റദ്ദ് ചെയ്ത കേസ്സുകൾ നിലവിലുണ്ടോ ?

ഉത്തരം

(എ) നഗരസഭകളിൽ ഹെൽത്ത് വിഭാഗത്തിന്റെ ചാർജ്ജ്വഹിക്കുന്ന ഹെൽത്ത് ഓഫീസർ, ഹെൽത്ത് സൂപ്പർ വൈസർ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെ ചുമതലയാണ് നഗരസഭാതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഹോട്ടൽ റെസ്റ്റോറന്റ്, ടീ ഷോപ്പ്, കൃാന്റീൻ മറ്റ് ഭോജനശാലകൾ എന്നിവയുടെ ശുചിത്വ നിലവാരം തൃപ്തികരമാണെന്ന് ഉറപ്പുവരുത്തുകയെന്നത്. കോർപ്പറേഷനുകളിലേയും, മുനിസിപ്പാലിറ്റികളിലേയും, ഹോട്ടലുകളിൽ ടോയ്ലെറ്റ് സൗകര്യം ഉണ്ടെന്ന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോസ്ഥൻ പരിശോധിച്ച് സെക്രട്ടറിക്ക് റിപ്പോർട്ട് നൽകാൻ സർക്കാർ 5-4-2008-ലെ 23803/ഡിസി2/2008/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മുകളിൽ പരാമർശിക്കുന്ന ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഹെൽത്ത് സ്കാഡ് ഇത്തരം സ്ഥാപനങ്ങളിൽ മിന്നൽ പരിശോധന നടത്താറുണ്ട്. ഇരുപതിൽ കൂടുതൽ ഇരിപ്പിടങ്ങളുള്ള ഹോട്ടലുകളിൽ ടോയ്ലെറ്റ് സൗകര്യം ഉണ്ടെന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയാണ് പരിശോധിക്കേണ്ടത്. സൗകര്യങ്ങൾ കുറവുള്ളപക്ഷവും, വൃത്തിയായി സൂക്ഷിക്കാത്ത പക്ഷവും അവ ക്രമീകരിച്ച് വൃത്തിയായി സൂക്ഷിക്കാതിരുന്നാൽ കേരള മുനിസിപ്പാലിറ്റി ആക്ട് 324 പ്രകാരം നടപടി സ്വീകരിക്കുവാൻ സെക്രട്ടറിക്ക് അധികാരമുണ്ട്. ഇവ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഹെൽത്ത് ഓഫീസർമാരേയും, ടൗൺ പ്ലാനിംഗ് ഓഫീസർമാരേയും സെക്രട്ടറിമാർ ചുമതലപ്പെടുത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധന നടത്താറുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ ഓരോ മാസവും പരിശോധനനടത്തി ടോയ്ലെറ്റ് സൗകര്യം പരിശോധിച്ച് വിലയിരുത്തുവാനും 5-4-2008-ലെ 23803/ഡിസി2/2008/തസ്വഭവ നമ്പർ സർക്കാർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) ഹോട്ടൽ തുടങ്ങുന്നതിന് ലൈസൻസ് നൽകിയശേഷം ടോയ്ലെറ്റ് സംവിധാനം ഇല്ലാതായാൽ ആയത് പുനഃസ്ഥാപിക്കാതിരുന്നാൽ ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ടോയ്ലെറ്റ് സൗകര്യം ഇല്ലാതായാൽ പ്രസ്തുത കെട്ടിടങ്ങൾ അനധികൃതമായി കണക്കാക്കി അവർക്കെതിരെ നടപടി സ്വീകരിക്കുവാൻ 5-4-2008-ലെ 23803/ഡിസി2/2008/ തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഇങ്ങനെ ലൈസൻസ് റദ്ദ് ചെയ്തിട്ടുള്ള കേസ്സുകളൊന്നും നഗരസഭകളിൽനിന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

മാലിന്യ സംസ്ക്കരണ സംവിധാനമില്ലാത്ത നഗരസഭകൾ

132 (1602) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മാലിന്യ സംസ്ക്കരണ പ്രവർത്തനത്തിന് സംവിധാനമേർപ്പെടുത്താത്ത നഗരസഭകൾ നിലവിലുണ്ടോ ;

(ബി) എങ്കിൽ അവയുടെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) നിലവിൽ ഈ നഗരസഭകളിൽ മാലിന്യശേഖരണ സംസ്ക്കരണ പ്രവർത്തനങ്ങൾ നടക്കുന്നത് എപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly